# ഇടശ്ശേരിക്കവിതയിലെ പ്രത്യയശാസ്ത്രം

ഡോ. എം.ടി. സുലേഖ

1940 മുതൽ 1970 വരെ മലയാളകവിതാരംഗത്തെ സജീവസാന്നിധ്യമായിരുന്നു ഇടശ്ശേരി. രണ്ടുതരം വിശ്വാസപ്രമാണങ്ങൾ മലയാളിയുടെ വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും സ്വാധീനിച്ച കാലഘട്ടമായിരുന്നു അത്. ഗാന്ധിസവും മാർക്സിസവുമായിരുന്നു ആ പ്രത്യയശാസ്ത്രങ്ങൾ. അവയിൽ ഏതെങ്കിലുമൊന്നിന്റെ പൂർണസ്വാധീനം ഈ കാലഘട്ടത്തിലെ മിക്ക എഴുത്തുകാരന്റെയും ആശയലോകത്ത് പ്രകടമായിരുന്നു. ഇടശ്ശേരിക്കവിതയുടെ തത്വശാസ്ത്രക്കൂറ് കവിതകളിൽനിന്ന് കണ്ടെത്തുന്നതിനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തോട് വ്യക്തിക്കുണ്ടാകുന്ന ആഭിമുഖ്യത്തിൽ സ്വാധീനം ചെലുത്തുന്ന പല ഘടകങ്ങളുണ്ട്. അതിൽ പ്രധാന പങ്കുവഹിക്കുന്നത് അയാളുടെ ജീവിതപശ്ചാത്തലവും അയാളെ രൂപപ്പെടുത്തിയ സാമൂഹിക പരിസരങ്ങളുമാണ്. വളരെ ദരിദ്രമായ ഒരു ജീവിതപശ്ചാത്തലം മനസ്സിലുണ്ടാക്കിയ ആഘാതത്തിന്റെ വെളിപ്പെടുത്തലുകൾ ഇടശ്ശേരിയുടെ കവിതയിൽ നമുക്ക് കാണാനാകുന്നു.

സാഹിത്യത്തോട് കമ്പമുള്ളവരും ചെറിയരീതിയിൽ സാഹിത്യരചനയിൽ ഏർപ്പെടുന്നവരും ഉൾപ്പെട്ട ഒരു സുഹൃദ്സംഘത്തിലെ സജീവാംഗമായിരുന്നു യുവാവായിരുന്ന ഇടശ്ശേരി. സ്വന്തമായ ജീവിതദർശനവും സാഹിത്യദർശനവുമുള്ളവരെന്ന് പിന്നീട് കാലം തെളിയിച്ച കുട്ടികൃഷ്ണമാരാരും ഉറൂബുമൊക്കെയായിരുന്നു ആ സുഹൃത്സംഘത്തിലെ മററംഗങ്ങൾ. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഭാരതത്തിലുടനീളം നടന്ന സ്വാതന്ത്ര്യപ്രക്ഷോഭത്തിൽ ഗാന്ധിജിക്കും കോൺഗ്രസ്സിനും ശക്തമായ ധാരാളം അനുയായികളെ സൃഷ്ടിക്കാൻ കഴിഞ്ഞത് മലബാറിലായിരുന്നു. തന്റെ ചുററുപാടുമുള്ള ചെറിയ പ്രശ്നങ്ങളിൽ ഇടപെടാനുള്ള സാമൂഹികാവബോധം ചെറുപ്പത്തിലേ ഇടശ്ശേരി പ്രകടിപ്പിച്ചിരുന്നു. ഇടശ്ശേരിക്ക് ഗാന്ധിയൻ തത്വങ്ങളോടും സർവോദയ പ്രവർത്തനങ്ങളോടുമുള്ള താൽപ്പര്യം ആ കാലഘട്ടത്തിൽ അദ്ദേഹം രചിച്ച കൃതികളിൽ പ്രകടമായിരുന്നു. സമൂഹവും താനുമായുള്ള അക്കാലത്തെ ബന്ധം 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിലൂടെ കവി മറനീക്കി കാട്ടിയിട്ടുണ്ട്. അതിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതുന്നു. "വലിയവരുടെ ആശ്രിതനായി അവരുടെ വീടുകളിൽ കഴിഞ്ഞുകൂടിയിട്ടുണ്ട് ഞാൻ. അക്കാലത്ത് അവിടെ അതിഥികളായി വന്ന വള്ളത്തോൾ, ഇ.വി., നാലപ്പാടൻ തുടങ്ങിയവരെ അൽപ്പം അകന്നുനിന്ന് നോക്കിക്കാണുന്നതിലുണ്ടായ രസം ഒരിടയനിലൂടെ പ്രകടമാക്കിയതാണ് ഈ കവിത." താൻ കേവലം നിസ്സാരനാണെന്ന അറിവ് ഉള്ളിലേററി വലിയവരെ അകന്നുനിന്ന് കാണുകയും അവരുടെ വാക്കും പ്രവൃത്തിയും ഹൃദയം കൊണ്ട് പിന്തുടരുകയും ചെയ്യാൻ ശ്രമിച്ച യുവാവായിരുന്നു ഇടശ്ശേരി. വളരെ പരിമിതമായ ചുററുപാടിൽ, സ്വന്തം കാലിൽ നിവർന്നുനിൽക്കാനുള്ള ആത്മബലമില്ലാത്തവനായി വളർന്ന താൻ നേരെനിൽക്കാനുള്ള ത്രാണി നേടിയെടുത്ത ശേഷം തന്റെ കാലുകൾ കൊണ്ടുതന്നെ വലിഞ്ഞു മുന്നേറി കുതിക്കുകയും ദുർബലരായ സഹജീവികൾക്ക് തന്നാലാകുന്നത്ര സഹായം പകർന്നുകൊടുക്കാൻ യത്നിക്കുകയും ചെയ്ത ഭൂതകാലം ആ കൃതികളിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്.

പ്രാണിവർഗത്തെ മുഴുവൻ കരുണയുടെ വഴിയിലൂടെ മുന്നോട്ട് നയിക്കുന്നവന്റെ പിൻഗാമിയാകാനുള്ള ത്വര ഗാന്ധിയൻ മാർഗത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട ചെറുപ്പക്കാരന്റേതാണ്. കുഞ്ഞാടുകളിൽ ഒന്നിനെ തോളത്തിട്ടും ഒന്നിനെ ഒക്കത്തെടുത്തും മുന്നോട്ടു ചരിക്കുന്ന ഋഷിവര്യന്റെ ഇടപെടൽ യാഗശാലയിലെ ബലികൊടുക്കൽ ഒഴിവാക്കുന്നതും ചോരപുരണ്ട കത്തികൾ പൂഴ്ത്തിവച്ചുകൊണ്ട് യാഗശാല വിട്ടുപോകാൻ ഋത്വിക്കുകളെ നിർബന്ധിക്കുകയും ചെയ്യുന്ന കാഴ്ചകണ്ട് അദ്ഭുതപരതന്ത്രനാകുന്ന ഇടയൻ ഗാന്ധിയുടെ അംഹിസാമന്ത്രത്തിന്റെ വിജയം കണ്ട് അദ്ഭുതപരതന്ത്രനാകുന്ന കവിതന്നെയാണ്. ആ കാരുണ്യം മാതൃത്വത്തിന്റെ ദയവിന് തുല്യമാണെന്നദ്ദേഹം അറിയുന്നു. യാഗശാലയിൽ നിന്നിറങ്ങിയപ്പോയ ഋത്വിക്കുകളോ കാൽക്കൽ വീഴുന്ന നൃപനോ അദ്ദേഹത്തിന്റെ മഹത്വം ഉൾക്കൊണ്ടവരല്ലെന്നും പ്രവാചകനെ മനസ്സുകൊണ്ട് ഉൾക്കൊള്ളാനാകുന്നത് അജയൂഥങ്ങൾക്ക് മാത്രമാണെന്നും ഇടയൻ തിരിച്ചറിയുന്നു. ശ്രീബുദ്ധൻ ബിംബിസാരനെ വിലക്കിയതുപോലെ ക്രൂരതകളെ ആജ്ഞാശക്തികൊണ്ട് വിലക്കാനും സ്നേഹവാത്സല്യങ്ങളുടെ നീരുറവ മർത്ത്യമനസ്സിൽ തീർക്കാനും കഴിവുള്ള തഥാഗതന്റെ ആത്മീയസാന്നിധ്യം ഇടശ്ശേരി ഗാന്ധിജിയിൽ തിരിച്ചറിയുന്നുണ്ട്. കരുണ, സ്നേഹം, വാത്സല്യം മുതലായ ഉദാത്തജീവിതമൂല്യങ്ങളെ അവയുടെ അന്തഃസത്ത പൂർണമായും നിലനിർത്തികൊണ്ട് ഒരു വിമോചനമാർഗം എന്ന നിലയിൽ സ്വീകരിക്കാനുള്ള പ്രായോഗികവൈഷമ്യങ്ങളെക്കുറിച്ച് കവി ബോ

ധവാനാണ്. ആദർശമെന്ന നിലയ്ക്ക് ഗാന്ധിസത്തിന്റെ മഹത്വത്തെ അംഗീകരിക്കുമ്പോഴും ജീവിതത്തെ മാററിമറിക്കാൻ അതിനുള്ള കഴിവിൽ അദ്ദേഹം ശങ്കാലുവാണ്.

ഗാന്ധിയൻ മാർഗത്തോടുള്ള താൽപ്പര്യം ഉള്ളിൽ നിറഞ്ഞിരിക്കുമ്പോഴും അതിന്റെ അപ്രായോഗികതയെക്കുറിച്ചുള്ള അറിവിൽ നിന്നുണ്ടായ 'ഒരമർത്തിച്ചിരിയാണ്' ബുദ്ധനും ഞാനും നരിയും എന്ന കവിതയുടെ പിറവിക്ക് പിന്നിലുള്ള പ്രചോദനമെന്ന് ഇടശ്ശേരി വ്യക്തമാക്കിയിട്ടുണ്ട്. അന്തിവരെ വിയർത്തു പണിയെടുത്ത് വാങ്ങിയ അരി കഴിയുന്നത്ര നേരത്തെ വീട്ടിലെത്തിച്ച് വിശന്നു പൊരിഞ്ഞു ചാവാറായ മക്കളെ രക്ഷിക്കാൻ മനസ്സുകൊണ്ട് കുതിക്കുന്ന നിസ്വനാണ് ഈ കവിതയുടെ കേന്ദ്രബിന്ദു. വീട്ടിലെത്താൻ വഴികൾ രണ്ടാണ് – വളഞ്ഞവഴിയിലൂടെ രണ്ടുകാതം നടന്നാൽ ആപത്തില്ലാതെ വീട്ടിലെത്താനാകുന്നതാണ് ഒന്നാമത്തെ വഴി. മററൊന്ന് കാട്ടിലുള്ള കുറുക്കുവഴി ആ കുറുക്കുവഴിയിൽ നരനെ തിന്നുന്ന നരി യുണ്ട്; എങ്കിലും ആ വഴി മക്കളുടെ വിശപ്പ് വേഗത്തിൽ ആററാൻ കെൽപ്പുള്ള കുറുക്കുവഴിയാണ്. പിതാവിന്റെ അപത്യ സ്നേഹം രണ്ടാമത്തെ വഴി തിരഞ്ഞെടുക്കാനാണ് അയാളെ പ്രേരിപ്പിച്ചത്. വഴിയിലിരുന്ന ബുദ്ധപ്രതിമ നരിയുടെമേൽ വലിച്ചെറിയുകയായിരുന്നു അയാളുടെ മുൻപിൽ അവശേഷിച്ച ഏക പരിഹാരം.

വളഞ്ഞ വഴി അക്രമത്തിനോ പ്രത്യാക്രമണത്തിനോ ഒരു സാധ്യതയുമില്ലാത്ത അഹിംസാമാർഗമാണ്. അഹിസാംമാർഗത്തിന്റെ ശ്രേഷ്ഠതയിൽ സംശമില്ലെങ്കിലും നീതി ലഭിക്കുന്നതിൽ അതുണ്ടാക്കുന്ന കാലവിളംബം ഒരു ന്യൂനതയാണെന്ന ബോധമാണ് ഇടശ്ശേരിയെക്കൊണ്ട് ഈ കവിത എഴുതിച്ചത്. ഏററവും വിഷമം പിടിച്ച ചില ജീവിതപ്രതിസന്ധികളിൽ നമുക്കതിനെ വലിച്ചെറിയേണ്ടിവരും. ഗാന്ധിമാർഗത്തിൽ മാത്രം വിശ്വാസമർപ്പിച്ചുകൊണ്ടുള്ള പ്രയാണം പ്രായോഗിക ജീവിതത്തിൽ അസാധ്യമായി അനുഭവപ്പെടുന്നത് ആ മാർഗത്തിന്റെ ന്യൂനതയാണെന്നുതന്നെ ഇടശ്ശേരിക്കറിയാം. എങ്കിലും ഒരാദർശമെന്ന നിലയിൽ അതിനെ തള്ളിപ്പറയാൻ അദ്ദേഹം തയാറുമല്ല. വിഴുങ്ങാനായി ആർത്തു വരുന്ന സംഹാരശക്തിയെ അഹിംസാമന്ത്രമോതി പരാജയപ്പെടുത്തുന്ന മനഃശക്തിയോട് നിറഞ്ഞ ആദരവാണ് കവിക്കുള്ളത്. അർധനഗ്നനായ ഒരു ഫക്കീറിന്റെ അഹിംസാമന്ത്രത്തിന്റെ ശക്തി മനസ്സിലാക്കിയ ജഗദംബയുടെ പ്രതികരണം കവി ഇങ്ങനെ ആവിഷ്കരിക്കുന്നു.

'പൊട്ടിയ തോക്ക് പുണർന്നാളംബിക;
വെട്ടിയ വാളിൽച്ചുംബിച്ചാൾ
കാട്ടാളന്നും തേങ്ങലുയർത്തിയ
കളതര കരുണാവായ്പോടെ'

അഹിംസാമന്ത്രത്തിന്റെ ശക്തികൊണ്ട് ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ പിടിയിൽനിന്ന് ഭാരതത്തെ മോചിപ്പിക്കാൻ ശക്തിയുള്ള ഗാന്ധിമാർഗത്തിനോട് ഒരാദർശമെന്ന നിലയിൽ തനിക്കുള്ള ബഹുമാനം പല കവിതകളിലും ഇടശ്ശേരി പ്രകടമാക്കിയിട്ടുണ്ട്.

നിസ്സാരമായ ചർക്കകൊണ്ട് വൈദേശികശക്തിയുടെ പ്രാമാണ്യത്തെയും അധികാരശക്തിയെയും തച്ചുടച്ച് വിജയിച്ച ചരിത്രകഥാസ്മരണയുള്ള ഋഷിയുടെ ധേനുവെന്ന കവിതയിലും ഗാന്ധിമാർഗത്തിന്റെ ആരാധകനായിത്തന്നെയാണ്, കവി പ്രത്യക്ഷപ്പെടുന്നത്. സമസ്തമാനുഷികപ്രശ്നങ്ങൾക്കുമുള്ള ആത്യന്തികമോചനം സാധ്യമാക്കുന്നതിൽ ഗാന്ധിസത്തിനുള്ള കഴിവിൽ സംശയാലുവാണെങ്കിലും വിജയത്തിന്റെ വഴിയിൽ ഏറെ മുന്നേറാൻ മനുഷ്യവർഗത്തെ സഹായിക്കുന്ന പ്രത്യയശാസ്ത്രമാണ് അതെന്ന ശുഭപ്രതീക്ഷ ഇടശ്ശേരിക്കുണ്ട്. ഗാന്ധിസത്തോടുള്ള ഈ ചായ്വ് മുഹമ്മദ് അബ്ദുൾറഹ്മാൻ, മുള്ളൻ ചീര, നമ്മുടെ അമ്മ, എങ്ങനെ നേടി, പൂപ്പരുത്തി തുടങ്ങിയ കവിതകളിലെല്ലാം പ്രകടമാണ്. മാപ്പിളലഹള തകർത്തുകളഞ്ഞ ഏറനാടിന്റെ ഹൃദയനൊമ്പരങ്ങളിൽ പങ്കാളിയായി ആ സമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടി മനുഷ്യസ്നേഹത്തിന്റെ ദിവ്യമന്ത്രം പകർന്നുകൊടുത്ത് ആശ്വാസത്തിന്റെയും അഭയത്തിന്റെയും സാന്ത്വനം നൽകിയ ധീരദേശാഭിമാനിയെക്കുറിച്ചുള്ള മുഹമ്മദ് അബ്ദുൾ റഹ്മാൻ എന്ന കവിത ഗാന്ധിസത്തിന് കവി സമർപ്പിച്ചതാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ആട്ടിയോടിക്കപ്പെട്ട അശരണരും ആലംബഹീനരുമായ, അധഃസ്ഥിതവർഗത്തിന് സ്വയം അമ്മയായി ഉയർന്ന, സഹനശക്തിയുടെ പര്യായമായി മാറിയ, കസ്തൂർബാ ഗാന്ധിയെക്കുറിച്ചുള്ള 'നമ്മുടെ അമ്മ' എന്ന കവിതയും ശ്രദ്ധേയംതന്നെ.

മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ കേരളത്തിലേക്കുള്ള കടന്നുവരവിന്റെയും ആഴത്തിൽ വേരുറപ്പിച്ചുകൊണ്ടുള്ള അതിന്റെ വ്യാപനത്തിന്റെയും കാലഘട്ടമായിരുന്നു നാൽപ്പതുകൾ. സംഘടനാബോധം സിദ്ധിച്ച തൊഴിലാളിവർഗത്തിന് ഏതുതരം അസമത്വത്തിനെതിരെയും ആഞ്ഞടിക്കാനുള്ള ശക്തി കൈവന്നുതുടങ്ങിയകാലം. ആ ശക്തിയുടെ ഊർജം ഇടശ്ശേരിയുടെ സിരകളിലേക്കും പടർന്നിട്ടുണ്ടെന്നുള്ളത് അനിഷേധ്യമായ സത്യമാണ്. ഏതുതരം അടിച്ചമർത്തലിനെതിരെയും വിപ്ലവത്തിന്റെ സംഘടിതശക്തി പ്രയോജനപ്പെടുത്തുക എന്നിടത്തോളം അദ്ദേഹം അതിനോടു യോജിച്ചു.

മാർക്സിയൻ തത്വശാസ്ത്രത്തെ ശക്തമായി പിന്തുണയ്ക്കുന്നതെന്ന് പ്രസിദ്ധമായ ഇടശ്ശേരിക്ക

വിതകളാണ് പണിമുടക്കം, പുത്തൻകലവും അരിവാളും തുടങ്ങിയവ. തൊഴിലുടമയുടെ തൊഴിലാളി വിരുദ്ധനയങ്ങൾക്കെതിരായി പണിമുടക്കുകയാണ് മററനേകരോടൊപ്പം രാമനും. പണിമുടക്കം ഒരു മാസം പിന്നിട്ടപ്പോഴേക്കും പിഞ്ചുകുഞ്ഞുങ്ങളുൾപ്പെട്ട അയാളുടെ കുടുംബം കൊടുംപട്ടിണിയിലായി. എങ്കിലും രാമൻ കരിങ്കാലിയായില്ല. പലനാളുകളായി വിശന്നുപൊരിഞ്ഞ കുഞ്ഞുവയറുകളിൽ മുതലാളിയുടെ സന്തതിക്കായുള്ള യജ്ഞത്തിന്റെ പ്രസാദം വിഷൂചിക പടർത്തി. ഒന്നിനു പിറകെ ഒന്നായി പത്തുമക്കളേയും കുഴിക്കുകൊടുത്തപ്പോൾ 'പൊട്ടരുതൊററക്കൂമ്പും കുടില ദുർമർത്ത്യതേ, നിൻ കടയ്ക്കൽ' എന്നവൻ ശപിച്ചുപോയി. അപ്പോഴാണ്

'കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്നാഹ്വാനം ചെയ്തുകൊണ്ട് തെരുവിലൂടെ അടിവെച്ചടിവെച്ചു പോകുന്ന പതിനായിരങ്ങളുടെ പ്രകടനം. തളർന്നിരുന്ന രാമന്റെ ഭാര്യ അതു കണ്ട് ഉണർന്നെഴുന്നേൽക്കുന്നു; അവരുടെ മുദ്രവാക്യം ആ പെററമ്മയും ഏററുപറയുന്നു.

ദാരുണശോകത്തിന്റെ മുൻപിലും ഇടറി വീഴാതെ, ആത്മദുഃഖത്തെ വിശ്വമാനവന്റെ ഉയിർപ്പിനായുള്ള ശക്തിയായി മാററാനാണ് ഇടശ്ശേരി ഇവിടെ ആഗ്രഹിക്കുന്നത്. സംഘടിത ശക്തിയുടെ അനിവാര്യവിജയത്തിലേക്ക് ഇടശ്ശേരി കൈചൂണ്ടുന്നുണ്ടെങ്കിലും ദൈന്യനിവാരണത്തിനായി ആയുധമേന്താനുള്ള ഒരു സൂചനപോലും ഈ കവിതയിലില്ല.

ദൈനംദിനാവശ്യങ്ങളെല്ലാം മാററിവച്ച്-ചെക്കന്റെ ഫീസും കുഞ്ഞിന്റെ രോഗത്തിനു മരുന്നുമെല്ലാം- വിത്തിറക്കി പണിചെയ്ത്, അതിവത്സലനായ പിതാവിനെപ്പോലെ അതിനെ ശുശ്രൂഷിച്ച്, ഓരോ നെൽച്ചെടിയുടെ വളർച്ചയും രോമാഞ്ചത്തോടെ അനുഭവിച്ച്, വേണ്ട പരിചരണങ്ങളെല്ലാം ചെയ്ത് കോമൻ വിളകൊയ്യാൻ കാത്തിരിക്കുകയാണ്. ആ കുടുംബത്തിന്റെ നൂറുനൂറാശകൾ വിളവെടുപ്പിനെ സ്വപ്നം കാണുന്നുണ്ട്. അത്യുത്സാഹത്തോടെ കോമനും ആൾക്കാരും വിളകൊയ്യാൻ വന്നപ്പോഴോ, കോടതി ആമിനും ആൾക്കാരും വിളകൊയ്തെടുക്കുന്നു! ഒരൂക്കൽ തീക്കുരു പൊട്ടിയതുപോലെ അവന്റെയുള്ളിൽ വിദ്വേഷാഗ്നി പടർന്നു. കോടതിയുടെ കൽപ്പനയ്ക്കുമുമ്പിൽ കോമന് അടിയറവുപറയുകയേ വഴിയുണ്ടായിരുന്നുള്ളൂ- എങ്കിലും അവന്റെ മനസ്സിൽ പുതിയൊരു അവബോധം ഉണരുന്നു- ഒരുപിടി കൊള്ളക്കാർ കരുതിവെച്ച അധികാരത്തിന്റെ തണൽപററിയാണ് ജന്മിത്തം ഈ കയ്യൂക്കു കാട്ടിയത്- അതിനാൽ 'അധികാരം കൊയ്യണമാദ്യം'. അധ്വാനിക്കുന്നവന്റെ കൈയിൽ അധികാരം കിട്ടിയാലേ അവന് ന്യായമായ അവകാശങ്ങൾ നേടാനാകൂ എന്ന വ്യക്തമായ ആശയം ഈ കവിതയിലുണ്ട്; എങ്കിലും നിയമം കൈയിലെടുക്കാനുള്ള ആഹ്വാനം ഈ കവിതയിലില്ല.

ജന്മിത്തത്തിന്റെ രൂപത്തിലായാലും മുതലാളിത്തത്തിന്റെ രൂപത്തിലായാലും മനുഷ്യജീവിതത്തിന്റെ മേൽ അഴിഞ്ഞാടുന്ന നൃശംസതയെ എതിർത്തുതോൽപ്പിക്കേണ്ടതിൽ ഇടശ്ശേരിക്ക് ശങ്കയേതുമില്ല. അതിനുള്ള വഴി നിയമനിർമാണമായാലും സംഘടിതശക്തിപ്രകടനമായാലും അഭിവാദ്യമർപ്പിക്കാൻ അദ്ദേഹം മുൻപിൽത്തന്നെയുണ്ട്. പക്ഷേ, ഒരിക്കൽപ്പോലും ഉന്മൂലനസിദ്ധാന്തത്തിന്റെ രക്തരൂഷിതമാർഗം പരിഹാരമായി നിർദേശിക്കാൻ അദ്ദേഹത്തിലെ ഗാന്ധിയൻ തയാറാകുന്നില്ല.

ഏതു തത്വശാസ്ത്രമായാലും അതിനെ കർമങ്ങളിലേക്ക് പകർത്താതെ മുദ്രാവാക്യങ്ങളിൽ മാത്രം ഒതുക്കുക എന്ന നിലപാടിന്റെ പരിഹാസ്യത അദ്ദേഹം 'തത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ' എന്ന കവിതയിൽ പ്രകടമാക്കുന്നുണ്ട്. അത്തരം പ്രവൃത്തി മനുഷ്യജീവിത്തെ പെരുവഴിയിലാക്കുകതന്നെ ചെയ്യും എന്നദ്ദേഹം വിശ്വസിച്ചു.

പ്രത്യയശാസ്ത്രം ഏതായാലും അതു വള്ളിപുള്ളിവിടാതെ സ്വീകരിച്ചു കൊള്ളണമെന്നോ, അത് അപ്രായോഗികമാണെന്നു വെളിവായാലും കണ്ണടച്ച് പിന്തുടർന്നുകൊള്ളണമെന്നോ ഇടശ്ശേരി വിശ്വസിക്കുന്നില്ല.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശായം
അതിരുണ്ടുഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരാം.'

എന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. താൻ സ്വീകരിച്ച പ്രത്യയശാസ്ത്രപരമായ നിലപാടുകളുടെ ശക്തിയും ന്യൂനതയും കണ്ടറിയാനും, അവയിൽ അപ്രസക്തമായവയെ 'പൊട്ടിയാട്ടാനുമുള്ള' ബുദ്ധിപരമായ സത്യസന്ധതയാണ് ആശയപ്രചാരകരായ മററു കവികളിൽനിന്ന് ഇടശ്ശേരിയെ വ്യത്യസ്തനാക്കുന്നത്.